തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ വിനോദസഞ്ചാര വികസന പദ്ധതികൾ

45 [721] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ വലിയപറമ്പ് പഞ്ചായത്തിലെ ആയിറ്റിയിൽ വിനോദസഞ്ചാര വികസനവുമായി ബന്ധപ്പെട്ട എന്തെല്ലാം പരിപാടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ സംബന്ധിച്ച നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും ഇവയ്ക്ക് എന്ത് തുക അനുവദിച്ചിട്ടുണ്ടെന്നും അറിയിക്കാമോ?

ഉത്തരം

(എ) ആയിറ്റക്കടവ്ജെട്ടിയുടെ വികസനത്തിനുവേണ്ടി കേന്ദ്ര സഹായത്തോടെ ബോട്ട് ടെർമിനൽ, റെസ്റ്റോറന്റ്, ടോയ്ലറ്റ്, ബോട്ട്ജെട്ടി, കമ്മ്യൂണിക്കേഷൻ സെന്റർ, ഓഫീസ് എന്നിവ ഉൾപ്പെടെ ഒരു ജെട്ടി കോംപ്ലക്സ് 37,45,698 രൂപ ചെലവിൽ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

കോഴിക്കോട് ജില്ലയിലെ ടൂറിസം പദ്ധതികൾ

46 [722] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ യു.ഡി.എഫ്. സർക്കാർ നടപ്പാക്കാൻ ഉദ്ദേശിച്ച ടൂറിസം പദ്ധതികൾ ഏതൊക്കെയാണ്;

(ബി) ഓരോ പദ്ധതിക്കും ആവശ്യമായ തുകയും സർക്കാർ അനുവദിച്ച് ചെലവ് ചെയ്ത തുകയും എത്ര;

(സി) പൂർത്തീകരിച്ച പദ്ധതികൾ ഏതെല്ലാം;

(ഡി) ഓരോ പദ്ധതിയുടെയും ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) അനുബന്ധം-എ യിൽ ചേർത്തിരിക്കുന്നു. †

(സി) അനുബന്ധം-ബി യിൽ ചേർത്തിരിക്കുന്നു. †

(ഡി) അനുബന്ധം-എ യിൽ ചേർത്തിരിക്കുന്നു. †

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly